THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

12-08-2021

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

**1.** കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഓണ സമൃദ്ധി 2021 എന്ന പേരിൽ 17-08-2021 മുതൽ 20-08-2021 വരെ സംസ്ഥാനത്തുടനീളം **2000 നാടൻ പഴം – പച്ചക്കറി കർഷക ചന്തകൾ** സംഘടിപ്പിക്കുന്നു. ഈ കർഷക ചന്തകളിലൂടെ പ്രാദേശിക കർഷകരിൽ നിന്നും പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 10 ശതമാനം അധിക വിലയ്ക്ക് സംഭരിയ്ക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 30 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. ഇതോടൊപ്പം ഉത്തമ കൃഷി മുറയിലൂടെ ഉൽപാദിപ്പിച്ച പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 20 ശതമാനം അധിക വിലയ്ക്ക് സംഭരിക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 10 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

**2.** വെറ്ററിനറി സേവനം ലഭ്യമാക്കാൻ വെറ്ററിനറി സർവ്വകലാശാലയുടെ 'കാഫ്' ഇലേക്ക് കർഷകർക്ക് വിളിക്കാം. വെറ്ററിനറി ഡോക്ടർമാരുടെ സേവനം തടസമില്ലാതെ കർഷകർക്ക് ഉറപ്പു വരുത്താൻ വേണ്ടിയാണ് കാഫ് കോൾ സെന്റർ. എല്ലാ ദിവസവും രാവിലെ 9 മുതൽ 12 വരെയും, ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെയും 9447030801 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ഞായറാഴ്ചയും സേവനം ലഭ്യമാകും.

**3.** വേങ്ങേരിയിലുള്ള കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ നിന്നും വേര് മീലിമൂട്ട, നിമാവിരകൾ എന്നിവയ്ക്ക് എതിരെയുള്ള പോച്ചോണിയ, പെസീലിയോമൈസസ്, ജൈവ പൊട്ടാഷ് വളമായ ബയോപൊട്ടാഷ്, ചെടികളുടെ വേരുകളെ ശക്തിപ്പെടുത്തുന്ന വാം അഥവാ മൈക്കൊറൈസ രോഗപ്രതിരോധശേഷി വർദ്ധിപ്പിച്ചു സസ്യങ്ങളുടെ വളർച്ച കൂട്ടുന്ന സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, പുഴുക്കൾ, വാഴയുടെ പിണ്ടിപ്പുഴു എന്നിവക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

12-08-2021

എതിരെയുള്ള ബ്യൂവേറിയ, പച്ചക്കറിക്കുള്ള മൈക്രോ ന്യൂട്രിയന്റ് മിക്സ് സമ്പൂർണ, പച്ചക്കറി വിത്തുകളായ ചീര,വെണ്ട, പാവൽ, പടവലം, മത്തൻ, വള്ളിപ്പയർ, വഴുതന, പീച്ചിൽ, വെർമി കമ്പോസ്റ്റ്, മാവിനും പച്ചക്കറികൾക്കും ഉള്ള കായീച്ചകെണി, നീരൂറ്റിക്കുടിക്കുന്ന പ്രാണികൾക്ക് എതിരെയുള്ള ജൈവകീടനാശിനി രക്ഷ തുടങ്ങിയ ജൈവ രോഗ കീട നിയന്ത്രണോപാദികളും, ജീവാണു വളങ്ങളും ലഭ്യമാണ്.

## പരിശീലന പരിപാടികൾ

4. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 12-ന്) രാവിലെ 11 മണിക്ക് **കർണ്ണാടകയിലെ വാഴയ്ക്കാപ്പൊടി വിപ്ലവം കേരളത്തിനും മാതൃകയാക്കാം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 12-ന്) **കിഴങ്ങു വർഗ വിളകളുടെ കൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041, 9447565549** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ **"കുതിരകളുടെ പരിപാലനം: അടിസ്ഥാന തത്വങ്ങൾ"** എന്ന വിഷയത്തിൽ ഇന്ന് (ആഗസ്റ്റ് 12 ) വൈകിട്ട് 5 മണിക്ക് ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 9995213500 എന്ന ഐ ഡി ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 9446714462 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (12-8-2021) ന് രാവിലെ 11 മണിക്ക് **തീറ്റപ്പുൽ കൃഷി - അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**12-08-2021**

11 മണിയ്ക്ക് https://meet.google.com/uya-gywr-ugn എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിലോ dtcalathur@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

8. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 12-ന്) **മണ്ണിര കമ്പോസ്റ്റ് ഉൽപാദനം** എന്ന വിഷയത്തിൽ രാവിലെ 11 മണി മുതൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400288040** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (12/08/2021 ന്) രാവിലെ 10.30 മണി മുതൽ കോഴിക്കോട് ജില്ലയിലെ ക്ഷീര സംഘങ്ങളിലെ ലാബ് അസിസ്റ്റന്റുമാർക്ക്/പ്രോക്യൂർമെന്റ് അസിസ്റ്റന്റുമാർക്ക് **'ഭക്ഷ്യ സുരക്ഷ നിയമം - 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധന ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ** (http://meet.google.com/ipe-txtd-gue) എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **പാൽ ഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകരണങ്ങളുടെ പ്രവർത്തനം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** (http://meet.google.com/yyu-apdm-msi) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു.

10. തിരുവനന്തപുരത്തുള്ള കേന്ദ്ര കിഴങ്ങു വിള ഗവേഷണ സ്ഥാപനം (സി ടി സി ആർ ഐ) കർഷകർക്കായി ഇന്ന് (ഓഗസ്റ്റ് 12) 10.30 മുതൽ **ഏകദിന ശില്പശാല** നടത്തുന്നു. താല്പര്യമുള്ള കർഷകർക്ക് സൂം പ്ലാറ്റ്ഫോമിൽ 435 450 7389 എന്ന ഐഡിയും 695017 എന്ന പാസ്സ്കോഡും ഉപയോഗിച്ച് പങ്കെടുക്കാം.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി ( ആഗസ്റ്റ് 12, 13) **ആടുവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **0471 - 2732918, 9188522701.**